ഉത്തരം

(എ) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു.

(ബി) നിലവിലുള്ള സ്റ്റാഫിന് സാങ്കേതിക പരിശീലനം നൽകിയാണ് സി.സി.റ്റി.വി., വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഇതിനുപുറമേ സി.സി.റ്റി.വി. പ്രവർത്തിപ്പിക്കുന്നതിന് കെൽട്രോണും വീഡിയോ കോൺഫറൻസിംഗ് പ്രവർത്തിപ്പിക്കുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററും സാങ്കേതിക സഹായം നൽകി വരുന്നുണ്ട്.

തടവുകാരുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ പദ്ധതികൾ

66 (4680) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തടവുകാരുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശിക്ഷ കഴിഞ്ഞു പുറത്തുവരുന്ന തടവുകാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന, നിർദ്ധനരായ തടവുകാരുടെ കുട്ടികൾക്ക് 2008-09 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

(ബി) അർഹരായ എല്ലാവർക്കും ധനസഹായം നൽകുന്നുണ്ട്.

ജയിൽ വകുപ്പിലെ വാർഡർ നിയമനം

67 (4681) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽ വകുപ്പിൽ എത്ര വാർഡർ തസ്തികകൾ നിലവിലുണ്ട് ; ഇതിൽ എത്ര വാർഡർ തസ്തികകൾ ഒഴിവുണ്ട് ; ഇവയുടെ വിവരങ്ങൾ മേഖല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാന ജയിൽ വകുപ്പിൽ വാർഡർ തസ്തികയിൽ നിലവിൽ ജോലി നോക്കുന്നവരിൽ പി. എസ്. സി. മുഖേന നിയമനം ലഭിച്ചവർ എത്ര ; എംപ്ലോയ്മെന്റ് മുഖേന ജോലി നോക്കുന്നവർ എത്ര ; ദിവസ

LIBRARY ARCHIVES Kerala Legislative Assembly

വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ എത്ര ; ഇവരിൽ ജയിൽ വകുപ്പിന്റെ അടിസ്ഥാന പരിശീലനം നേടിയവർ എത്ര ; ഇവരുടെ വിവരങ്ങൾ മേഖലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം പുതിയതായി ജയിലുകൾ ആരംഭിച്ചിട്ടുണ്ട് ; ഇവിടത്തെ സ്റ്റാഫ് പാറ്റേൺ എത്ര വീതമാണ് ; സംസ്ഥാനത്തെ മറ്റ് ജയിലുകളിലും പുതിയ സ്റ്റാഫ് പാറ്റേൺ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) വിയ്യൂർ സെൻട്രൽ ജയിലിൽ പുതുതായി പണി പൂർത്തിയായ ബ്ലോക്കുകളിൽ എത്ര തടവുകാരെക്കൂടി മാറ്റി പാർപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇതുമൂലം വിയ്യൂർ സെൻട്രൽ ജയിലിൽ ഉണ്ടാകുന്ന ജോലിഭാരം ലഘൂകരിക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു.

മേഖല	വാർഡർ തസ്തികകളുടെ എണ്ണം	വാർഡർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിന്റെ വിവരം
(1)	(2)	(3)
ഒന്നാം മേഖല	368	73
രണ്ടാം മേഖല	199	28
മൂന്നാം മേഖല	306	66
ആകെ	873	167

(ബി) വിവരങ്ങൾ മേഖലാടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

മേഖല	പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർ	എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നോക്കുന്നവർ	ദിവസവേതനാടിസ്ഥാനത്തിൽജോലി നോക്കുന്നവർ	അടിസ്ഥാന പരിശീലനം നേടിയവർ
(1)	(2)	(3)	(4)	(5)
ഒന്നാം മേഖല	64	132	99	36

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
രണ്ടാം മേഖല	105	39	27	96
മൂന്നാം മേഖല	163	37	40	143
ആകെ	332	208	166	275

(സി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ജയിലുകൾ, അവിടത്തെ സ്റ്റാഫ് പാറ്റേൺ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട് * മറ്റു ജയിലുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 280 തടവുകാരെ മാറ്റിപാർപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത് മാറ്റി പാർപ്പിക്കുന്ന മുറയ്ക്ക് ജോലി ഭാരം ലഘൂകരിക്കുന്നത് സംബന്ധിച്ച നടപടികൾ പരിശോധിക്കുന്നതാണ്.

ജയിലുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

68 (4682) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽ വകുപ്പിലെ സെൻട്രൽ ജയിൽ അടക്കമുള്ള സ്ഥാപനങ്ങളിൽ ഓഫീസ് ജോലികൾക്കായി മിനിസ്റ്റീരിയൽ സ്റ്റാഫ് ആരും ഇല്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജയിലുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ജയിലുകളിലെ വാർഡർമാരുടെ സേവന-വേതന വ്യവസ്ഥകൾ

69 (4683) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജയിലുകളിലെ വാർഡർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാരിന് പരിപാടിയുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly